(ഡി) ഇതേ കാലയളവിൽ മണ്ഡലങ്ങളിലെ വസതികളിൽ സ്ഥാപിച്ചിട്ടുള്ള ടെലിഫോൺ ചാർജ് ഇനത്തിൽ ചെലവഴിച്ചിട്ടുള്ള തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(ഇ) 2004 ആഗസ്റ്റ് 31-നുശേഷം സംസ്ഥാന മന്ത്രിസഭയിലെ ഓരോ അംഗവും ടെലിഫോൺ ചാർജ് ഇനത്തിൽ ചെലവഴിച്ച തുക എത്ര വീതമെന്ന് വെളിപ്പെടുത്താമോ;

(എഫ്) ഇതേ കാലയളവിൽ മന്ത്രിമാരുടെ വസതികൾ മോടിപിടിപ്പിക്കുന്നതിന് ചെലവഴിച്ച തുക എത്ര വീതമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) അനുബന്ധം VI ആയി ചേർത്തിട്ടുണ്ട്.

(ബി) അനുബന്ധം VI ആയി ചേർത്തിട്ടുണ്ട്.

(സി) അനുബന്ധം VI ആയി ചേർത്തിട്ടുണ്ട്.

(ഡി) അനുബന്ധം VI ആയി ചേർത്തിട്ടുണ്ട്.

(ഇ) അനുബന്ധം VI ആയി ചേർത്തിട്ടുണ്ട്.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

മന്ത്രി മന്ദിരങ്ങൾ മോടിപിടിപ്പിക്കുന്നതിന് ചെലവായ തുക

8 [8] *ശ്രീ. എം. വി. ജയരാജൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രി മന്ദിരങ്ങൾ മോടി പിടിപ്പിക്കുന്നതിനായി എത്ര തുകയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തി; എത്ര തുക ഇതിനകം ചെലവാക്കി;

(ബി) മന്ത്രിമന്ദിരങ്ങൾ തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതിനുമുൻപ് പ്രസ്തുത മന്ദിരങ്ങൾ മോടിപിടിപ്പിച്ചത് എപ്പോഴാണ് എന്നറിയിക്കാമോ?

ഉത്തരം

(എ)—(സി) വിവരം ശേഖരിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ചെലവുകൾ

9 [10] *ശ്രീ. ബിനോയ് വിശ്വം :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2004 നവംബർ 15 വരെ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ലാന്റ് ഫോൺ, മൊബൈൽ ഫോൺ ഇനത്തിൽ എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതേ കാലയളവിൽ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ഔദ്യോഗിക വസതി മോടിപിടിപ്പിക്കൽ, അതിഥിസൽക്കാരം എന്നീ ഇനങ്ങളിൽ എത്ര തുക വീതം ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ;

(സി) ഈ കാലയളവിൽ എത്ര മന്ത്രിമാർ ഔദ്യോഗിക ആവശ്യാർത്ഥം വിദേശ യാത്ര നടത്തിയിട്ടുണ്ടെന്നും എത്രതുക ചെലവഴിച്ചു എന്നും അറിയിക്കാമോ;

(ഡി) ഇതേ കാലയളവിൽ സ്വകാര്യ ആവശ്യാർത്ഥം എത്ര മന്ത്രിമാർ വിദേശയാത്ര നടത്തിയെന്നുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 1. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി

2. ,, കെ. എം. മാണി

3. ,, കെ. സി. വേണുഗോപാൽ എന്നീ മന്ത്രിമാർ വിദേശയാത്ര നടത്തി. അവർ ചെലവഴിച്ച തുകയുടെ വിവരം ശേഖരിച്ചുവരുന്നു.

(ഡി) 1. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

2. ,, ഇ. റ്റി. മുഹമ്മദ് ബഷീർ

3. ,, ഡൊമിനിക് പ്രസന്റേഷൻ

4. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

5. ,, ആര്യാടൻ മുഹമ്മദ്

6. ,, കെ. കുട്ടി അഹമ്മദ് കുട്ടി എന്നീ മന്ത്രിമാർ സ്വകാര്യ ആവശ്യാർത്ഥം വിദേശയാത്ര നടത്തി.

ഡൽഹിയിലെ ട്രാവൻകൂർ ഹൗസും കപൂർത്തല പ്ലോട്ടും ലാഭകരമാക്കുന്നതിന് നടപടി

10 [11] *ശ്രീ. പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിലുള്ള ട്രാവൻകൂർ ഹൗസും കപൂർത്തല പ്ലോട്ടും ലാഭകരമായും പ്രയോജനപ്രദമായും വിനിയോഗിക്കുവാൻ എന്തെങ്കിലും പരിപാടിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ട്രാവൻകൂർ ഹൗസിലെ എത്രമുറികൾ ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നു; എത്ര മുറികൾ വാടകയ്ക്ക് കൊടുത്തിട്ടുണ്ട്;

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	മന്ത്രിമാർ	ടെലിഫോൺ ചാർജ് (ഓഫീസ്, വസതി, മണ്ഡലം, മൊബൈൽ)
14	ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി	33,592
15	ഡോ. എം. കെ. മുനീർ, പൊതുമരാമത്ത് വകുപ്പ് മന്ത്രി	68,877
16	ശ്രീ. കെ. എം. മാണി, റവന്യൂവും നിയമവും വകുപ്പ് മന്ത്രി	91,714
17	ശ്രീ. സി. എഫ്. തോമസ്, ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി	42,354
18	ശ്രീമതി കെ. ആർ. ഗൗരിയമ്മ, കൃഷിയും കയറും വകുപ്പ് മന്ത്രി	32,796
19	ശ്രീ. ബാബു ദിവാകരൻ, തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി	61,908
20	ശ്രീ. എം. വി. രാഘവൻ, സഹകരണവും തുറമുഖവും വകുപ്പ് മന്ത്രി	42,831

അനുബന്ധം VII

[1-12-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 9 (10) ദയവായി കാണുക]

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2004 നവംബർ 15 വരെ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ലാന്റ് ഫോൺ, മൊബൈൽ ഫോൺ ഇനത്തിൽ ചെലവഴിച്ച തുക

ക്രമ നമ്പർ	മന്ത്രിമാർ	ടെലിഫോൺ ചാർജ് (ഓഫീസ്, വസതി, മണ്ഡലം)	മൊബൈൽ ഫോൺ	ആകെ
1.	ശ്രീ. ഉമ്മൻ ചാണ്ടി, മുഖ്യമന്ത്രി	42,849	ഇല്ല	42,849
2	ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ, വിദ്യാഭ്യാസ വകുപ്പ് മന്ത്രി	32,210	3,396	35,606
3	ശ്രീ. എം. വി. രാഘവൻ, സഹകരണവും തുറമുഖവും വകുപ്പ് മന്ത്രി	38,194	4,637	42,831
4	ശ്രീ. കെ. പി. വിശ്വനാഥൻ, വനം വകുപ്പ് മന്ത്രി	18,513	1,072	19,585
5	ശ്രീ. വക്കം പുരുഷോത്തമൻ ധനകാര്യവും എക്സൈസും വകുപ്പ് മന്ത്രി	20,186	498	20,684

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	മന്ത്രിമാർ	ടെലിഫോൺ ചാർജ് (ഓഫീസ്, വസതി, മണ്ഡലം)	മൊബൈൽ ഫോൺ	ആകെ
6	ശ്രീമതി കെ. ആർ. ഗൗരിയമ്മ, കൃഷിയും കയറും വകുപ്പ് മന്ത്രി	29,932	2,864	32,796
7	ശ്രീ. എൻ. ശക്തൻ, ഗതാഗത വകുപ്പ് മന്ത്രി	23,924	ഇല്ല	23,924
8	ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി	31,022	2,570	33,592
9	ശ്രീ. ബാബു ദിവാകരൻ, തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി	57,508	4,400	61,908
10	ശ്രീ. സി. എഫ്. തോമസ്, ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി	39,346	3,008	42,354
11	ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജലവിഭവ വകുപ്പ് മന്ത്രി	39,190	ഇല്ല	39,190
12	ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി	56,925	1,20,049	1,76,974
13	ശ്രീ. കെ. എം. മാണി, റവന്യൂവും നിയമവും വകുപ്പ് മന്ത്രി	67,130	24,584	91,714
14	ശ്രീ. അടൂർ പ്രകാശ്, ഭക്ഷ്യവും പൊതുവിതരണവും വകുപ്പ് മന്ത്രി	36,153	ഇല്ല	36,153
15	ശ്രീ. എ. പി. അനിൽകുമാർ, പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പ് മന്ത്രി	7,026	1,522	8,548
16	ശ്രീ. കെ. സി. വേണുഗോപാൽ, ടൂറിസം, ദേവസ്വം വകുപ്പ് മന്ത്രി	49,175	4,157	53,332
17	ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ ആരോഗ്യ വകുപ്പ് മന്ത്രി	22,464	1,695	24,159
18	ഡോ. എം. കെ. മുനീർ, പൊതുമരാമത്ത് വകുപ്പ് മന്ത്രി	63,080	5,797	68,877
19	ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ഫിഷറീസും സ്പോർട്സും വകുപ്പ് മന്ത്രി	25,452	ഇല്ല	25,452
20	ശ്രീ. ആര്യാടൻ മുഹമ്മദ്, ഊർജ്ജ വകുപ്പ് മന്ത്രി	35,721	1,731	37,452

GPM. 2/543/2012.—29

LIBRARY ARCHIVES Kerala Legislative Assembly